# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് ഇരുപത്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

### (8)

Wed നൂറ്റാണ്ടുകളായി ക്രിസ്ത്യാനികൾക്ക് ന്യായപ്രമാണത്തിന്റെ വ്യക്തമായ ഒരു ഗ്രാഹ്യം ഉണ്ടായിരുന്നില്ല. ഒരു വശത്ത്, ന്യായപ്രമാണം കഴിഞ്ഞുപോയെന്ന് റോമാലേഖനത്തിലും ഗലാത്യലേഖനത്തിലും നമ്മോടു പറഞ്ഞിരിക്കുന്നു. ഉദാഹരണത്തിന്, റോമർ 10:4 പറയുന്നു, "വിശ്വസിക്കുന്ന ഏവനും നീതിയിങ്കലേക്ക് ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു." ഇതിനെ അടിസ്ഥാനമാക്കി അനേകം ക്രിസ്ത്യാനികൾ ചിന്തിക്കുന്നത് അവർക്ക് ന്യായപ്രമാണത്തെ മറന്നുകളയാമെന്നാണ്. മറുവശത്ത്, മത്തായി 5:17-ൽ കർത്താവായ യേശു പറഞ്ഞു, "ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കിക്കളയുവാൻ ഞാൻ വന്നിരിക്കുന്നു എന്ന് നിങ്ങൾ നിരൂപിക്കരുത്; നീക്കിക്കളയുവാനല്ല, നിവർത്തിക്കുവാനത്രേ ഞാൻ വന്നിരിക്കുന്നത്." വളരെയധികം ക്രിസ്ത്യാനികളെ ഈ വചനം കുഴപ്പത്തിലാക്കിയിരിക്കുന്നു. ഈ വിഷയത്തെക്കുറിച്ച് കർത്താവ് നമുക്ക് വ്യക്തമായ വെളിച്ചം തന്നിരിക്കുന്നതിനായി നാം അവനെ സ്തുതിക്കുന്നു.

### ന്യായപ്രമാണത്തിന്റെ മൂന്നു വശങ്ങൾ

ന്യായപ്രമാണത്തിന്റെ ഈ വിഷയം മനസ്സിലാക്കുന്നതിന് ന്യായപ്രമാണത്തിന്റെ മൂന്നു വശങ്ങൾ നാം അറിഞ്ഞിരിക്കണം: ന്യായപ്രമാണത്തിന്റെ തത്ത്വവും, ന്യായപ്രമാണത്തിന്റെ കല്പനകളും, ന്യായപ്രമാണത്തിന്റെ അനുഷ്ഠാനങ്ങളും. ഈ മൂന്നു കാര്യങ്ങളെ തമ്മിൽ നിങ്ങൾ വിവേചിക്കുന്നില്ലെങ്കിൽ ന്യായപ്രമാണത്തെക്കുറിച്ചുള്ള ശരിയായ ഗ്രാഹ്യം നിങ്ങൾക്ക് ഉണ്ടായിരിക്കുകയില്ല. നാം കണ്ടതുപോലെ ന്യായപ്രമാണത്തിന്റെ തത്ത്വം കഴിഞ്ഞുപോയി. ഇന്ന് കൃപായുഗത്തിൽ, ന്യായപ്രമാണത്തിന്റെ തത്ത്വപ്രകാരം ദൈവം നമ്മോട് ഇടപെടുന്നില്ല; മറിച്ച്, വിശ്വാസത്തിന്റെ

തത്ത്വപ്രകാരം അവൻ നമ്മോട് ഇടപെടുന്നു. നാം നീതീകരിക്കപ്പെടുകയും, രക്ഷിക്കപ്പെടുകയും, ദൈവത്താൽ അംഗീകരിക്കപ്പെടുകയും ചെയ്യുമോ ഇല്ലയോ എന്നത് ന്യായപ്രമാണത്തിന്റെ തത്ത്വത്തിലല്ല, വിശ്വാസത്തിന്റെ തത്ത്വത്തിലാണ് ആശ്രയിച്ചിരിക്കുന്നത്. ക്രിസ്തുവിൽ നമുക്ക് വിശ്വാസം ഉള്ളിടത്തോളം നാം ദൈവത്താൽ നീതീകരിക്കപ്പെട്ടവരും, അവനാൽ അഗീകരിക്കപ്പെട്ടവരും, രക്ഷിക്കപ്പെട്ടവരുമാണ്. ഇതാണ് കൃപായുഗത്തിൻകീഴിൽ ന്യായപ്രമാണത്തിന്റെ തത്ത്വം ക്രിസ്തുവിൽ നീക്കപ്പെട്ടിരിക്കുന്നു എന്നതുകൊണ്ട് അർഥമാക്കുന്നത്.

ന്യായപ്രമാണത്തിന്റെ തത്ത്വം നീക്കപ്പെട്ടെങ്കിലും, ന്യായപ്രമാണത്തിന്റെ കല്പനകൾ അസാധുവാക്കപ്പെട്ടിട്ടില്ല. പകരം, ഈ കല്പനകളുടെ നിലവാരം ഉയർത്തപ്പെട്ടിരിക്കുന്നു. അങ്ങനെ, ധാർമിക നിലവാരങ്ങളോടു ബന്ധപ്പെട്ട കല്പനകളെ നീക്കിക്കളഞ്ഞിട്ടില്ല; അവ നിത്യതയോളം നിലനിൽക്കും. നിത്യതയോളം നാം ഒരു വിഗ്രഹത്തെ ആരാധിക്കുകയോ, കൊലചെയ്യുകയോ, മോഷ്ടിക്കുകയോ, കള്ളംപറയുകയോ ചെയ്യരുത്. തന്റെ സ്വർഗീയ രാജ്യത്തിൽ രാജാവ് രണ്ടു രീതിയിൽ ന്യായപ്രമാണത്തിന്റെ നിലവാരത്തെ ഉയർത്തിയിരിക്കുന്നു: താണ പ്രമാണങ്ങളെ പൂർണ്ണമാക്കിക്കൊണ്ടും താണ പ്രമാണങ്ങളെ ഉയർന്ന പ്രമാണങ്ങളായി മാറ്റിക്കൊണ്ടും. ഈ രീതിയിൽ ന്യായപ്രമാണത്തിന്റെ കല്പനകളിലുള്ള ധാർമികത ഒരു ഉയർന്ന നിലവാരത്തിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്നു.

ഭൂമിയിലായിരുന്നപ്പോൾ സകല ന്യായപ്രമാണ കല്പനകളും രാജകീയ രക്ഷകൻ പാലിച്ചു. പിന്നീട് നമുക്കുവേണ്ടി മരിക്കുവാൻ അവൻ ക്രൂശിലേക്കു പോയി. തന്റെ പ്രതിപുരുഷാത്മക മരണത്തിലൂടെ പ്രതിലോമവശത്ത് അവൻ ന്യായപ്രമാണം നിറവേറ്റി. കൂടാതെ, തന്റെ പ്രതിപുരുഷാത്മക മരണത്തിലൂടെ അവൻ തന്റെ പുനരുത്ഥാന ജീവനെ നമ്മിലേക്കു വിടുവിച്ചു. ഇപ്പോൾ ഈ പുനരുത്ഥാന ജീവൻ നമുക്ക് നമ്മുടെ ആത്മാവിലുണ്ട്. ഈ പുനരുത്ഥാന ജീവനാൽ ജീവിക്കുവാൻ നമുക്കു സാധിക്കുമെന്നതുകൊണ്ട് ഉന്നതമായ ധാർമിക നിലവാരം ഉള്ളവരായിരിക്കുവാനുള്ള ബലവും, കഴിവും, പ്രാപ്തിയും നമുക്കുണ്ട്. നാം ആത്മാവിൻപ്രകാരം നടക്കുമ്പോൾ (റോമ. 8:4), ന്യായപ്രമാണം ആവശ്യപ്പെടുന്നതിനെക്കാൾ കൂടുതൽ നിറവേറ്റിക്കൊണ്ട് നാം ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകതകൾ നിവർത്തിക്കുന്നു. അതുകൊണ്ട്, നാം ന്യായപ്രമാണത്തെ നീക്കിക്കളയുന്നില്ല; മറിച്ച്, ഏറ്റവും ഉന്നതമായ രീതിയിൽ നാം അതു നിവർത്തിക്കുന്നു.

ന്യായപ്രമാണത്തിന്റെ മൂന്നാമത്തെ വശം ന്യായപ്രമാണത്തിന്റെ ആചാരങ്ങളാണ്. ഉദാഹരണത്തിന്, യാഗങ്ങൾ അർപ്പിക്കുന്നതും

ശബ്ബത്ത് ആചരിക്കുന്നതും ന്യായപ്രമാണത്തിന്റെ ബാഹ്യമായ ആചാരങ്ങളാണ്. ഇവയെല്ലാം യാഥാർത്ഥ്യമായ ക്രിസ്തുവിനാൽ നിവർത്തിക്കപ്പെട്ട, പഴയ യുഗത്തിന്റെ നിഴലുകളുടെയും പ്രതിരൂപങ്ങളുടെയും മുൻകുറികളുടെയും ഭാഗമായിരുന്നതു കൊണ്ട് ഈ ആചാരങ്ങളും അവസാനിപ്പിക്കപ്പെട്ടു. ന്യായപ്രമാണത്തിന്റെ ആചാരങ്ങൾ പാലിക്കുവാൻ നാം ഇനിമേൽ ബാധ്യസ്ഥരല്ല. അതുകൊണ്ട്, ന്യായപ്രമാണത്തിന്റെ തത്ത്വവും, ന്യായപ്രമാണത്തിന്റെ ആചാരങ്ങളും അവസാനിപ്പിക്കപ്പെട്ടു; എന്നാൽ ഉയർന്ന ഒരു ധാർമിക നിലവാരം ആവശ്യപ്പെടുന്ന ന്യായപ്രമാണ കല്പനകൾ അവസാനിപ്പിക്കപ്പെട്ടിട്ടില്ല. മറിച്ച്, ഈ കല്പനകൾ ഉയർത്തപ്പെടുകയാണ് ചെയ്തത്. നമ്മുടെ ആത്മാവിലുള്ള പുനരുത്ഥാന ജീവനായ ക്രിസ്തു മുഖാന്തരം സ്വർഗരാജ്യത്തിന്റെ ഉയർന്ന പ്രമാണം ആവശ്യപ്പെടുന്ന ധാർമിക നിലവാരം നിറവേറ്റുവാൻ നമുക്കു കഴിയും. ഈ വാക്ക് ന്യായപ്രമാണത്തിന്റെ തത്ത്വവും, ന്യായപ്രമാണത്തിന്റെ കല്പനകളും, ന്യായപ്രമാണത്തിന്റെ ആചാരങ്ങളും എന്ന ഈ മൂന്നു വശങ്ങളനുസരിച്ചുള്ള ന്യായപ്രമാണത്തെ സംബന്ധിച്ച് നമുക്ക് വ്യക്തത വരുത്തണം.

## പിതാവിന്റെ ജീവനാലും പ്രകൃതത്താലും ജീവിക്കുന്നത്

മത്തായി 5-ന്റെ അവസാനം കർത്താവായ യേശു പറഞ്ഞു, "ആകയാൽ നിങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ" (വാ. 48). ഈ വചനം ഭരണഘടനയുടെ ഈ ഭാഗത്തെ, അത്യധികം ഉന്നതമായ ഒരു ഭാഗത്തെ, ഉപസംഹരിക്കുന്നു. ഈ ആവശ്യകതകളെല്ലാം വായിച്ചുകഴിഞ്ഞശേഷം, അവയെ നിവർത്തിക്കുവാൻ ഒരുപക്ഷേ നമുക്ക് കഴിയുകയില്ലെന്ന് നാം എല്ലാവരും പറയും. അതിനുശേഷം നമ്മുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നാമും തികഞ്ഞവരായിരിക്കണമെന്നു പറയുന്ന വാക്യം 48-ലേക്ക് നാം വരുന്നു. ഈ വാക്യം നമുക്ക് പിതാവിന്റെ ജീവനും പ്രകൃതവും നമ്മുടെ ഉള്ളിലുണ്ടെന്നതിന്റെ ഒരു സൂചനയാണ്. നാം അവനിൽനിന്നു ജനിച്ചവരും അവന്റെ മക്കളുമാണ്. നാം അവന്റെ ജീവനും പ്രകൃതവുമുള്ള അവന്റെ മക്കളായതുകൊണ്ട് നാം അവനെ അനുകരിക്കുകയോ അവനെ പകർത്തുകയോ ചെയ്യേണ്ട ആവശ്യമില്ല. അവന്റെ ജീവനിൽ നാം വളരുന്നിടത്തോളം അവൻ ആയിരിക്കുന്നതുപോലെ നാമും ആയിരിക്കും. അങ്ങനെ, ഈ ദിവ്യജീവനും പ്രകൃതത്തിനും എത്രമാത്രം നമുക്കുവേണ്ടി ചെയ്യുവാൻ കഴിയുമെന്ന് സ്വർഗരാജ്യത്തിന്റെ പ്രമാണങ്ങളുടെ എല്ലാ ആവശ്യകതളും വെളിപ്പെടുത്തുന്നു. നമ്മുടെ ഏക ആവശ്യം നമ്മിൽത്തന്നെയുള്ള എല്ലാ പ്രത്യാശയും നാം

ഉപേക്ഷിക്കത്തക്കവണ്ണം തുറന്നുകാട്ടപ്പെടുക എന്നതാണ്. നാം തുറന്നുകാട്ടപ്പെടുമ്പോൾ നമ്മുടെ സ്വാഭാവിക ജീവൻ ആശയറ്റ വകയില്ലാത്തതാണെന്ന് നാം മനസ്സിലാക്കും. അപ്പോൾ നമ്മുടെ സ്വാഭാവിക ജീവനെ നാം നിരാകരിക്കുകയും, നമ്മുടെ പിതാവിന്റെ ജീവനിലേക്ക് തിരിയുകയും, ദിവ്യപ്രകൃതത്തോടുകൂടെ തങ്ങുകയും ചെയ്യും. സ്വമേധയാ, ഈ ജീവൻ നമ്മിൽ വളരുകയും, ഈ ഏറ്റവും ഉന്നതമായ പ്രമാണത്തിന്റെ ആവശ്യകതകളെ നിവർത്തിക്കുകയും ചെയ്യും. ഇന്നത്തെ നമ്മുടെ ആവശ്യം നമ്മുടെ ആത്മാവിലേക്ക് തിരിയുകയും നമ്മുടെ ആത്മാവിൽ നടക്കുകയും ചെയ്യുക എന്നതാണ്. നാം ഇതു ചെയ്യുമ്പോഴെല്ലാം നമ്മുടെ പിതാവിന്റെ ജീവനാലും പ്രകൃതത്താലും നാം ജീവിക്കുന്നു; അപ്പോൾ സ്വമേധയാ ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകതകൾ നാം നിവർത്തിക്കും. ഈ വിഷയം നാം മനസ്സിലാക്കുന്നത് നിർണ്ണായകമാണ്, കാരണം ഇത് മൊത്തത്തിൽ നമ്മുടെ സ്വാഭാവിക ധാരണയിൽനിന്നും വ്യത്യസ്തമാണ്.

ഇന്ന് ഞാൻ ന്യായപ്രമാണത്തിന്റെ തത്ത്വത്തിൻ കീഴിലല്ലെന്ന് എന്റെ അനുഭവത്തിൽനിന്നും എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഹല്ലേലൂയ്യാ, ഞാൻ വിശ്വാസത്തിന്റെ തത്ത്വത്തിൻ കീഴിലാണ്; എന്റെ ഉള്ളിൽ എനിക്ക് എന്റെ സ്വർഗീയ പിതാവിന്റെ ജീവനുണ്ട്! ഈ ജീവൻ പിതാവിന്റെ പ്രിയ പുത്രനല്ലാതെ മറ്റൊന്നുമല്ല. ഞാൻ ഇപ്പോൾ എന്റെ ആത്മാവിലുള്ള ഈ ജീവനാൽ ജീവിക്കുകയും ആത്മാവിൻ പ്രകാരം നടക്കുകയും ചെയ്യുന്നു. എന്റെ ആത്മാവിലുള്ള ഈ ജീവനാൽ ഞാൻ സ്വമേധയാ സ്വർഗരാജ്യത്തിന്റെ പ്രമാണത്തിന്റെ ഏറ്റവും ഉന്നതമായ ആവശ്യകതകൾ നിവർത്തിക്കുന്നു. ഇത് എന്റെ പ്രശംസയല്ല; ഇത് കർത്താവിന് മഹത്വം കൊടുക്കാനുള്ള എന്റെ എളിയ സാക്ഷ്യമാണ്. എനിക്ക് എന്തും ചെയ്യുവാൻ കഴിയുമെന്ന് ഇത് അർഥമാക്കുന്നില്ല. ഇത് അർഥമാക്കുന്നത് അവന് സാധിക്കുമെന്നാണ്, കാരണം എന്റെ ജീവനായി അവൻ എന്നിലുണ്ട്. നിങ്ങളിലും നിങ്ങൾക്കുവേണ്ടിയും ഇതേ കാര്യം ചെയ്യുവാൻ അവൻ പ്രാപ്തനാണ്. ഇത് നിങ്ങളുടെ അനുഭവമായിരിക്കേണ്ടതിന് നിങ്ങളുടെ സ്വാഭാവിക ജീവന്റെ പ്രത്യാശയില്ലായ്മയെക്കുറിച്ച് നിങ്ങൾക്കൊരു ദർശനം ഉണ്ടായിരിക്കണം. നിങ്ങളുടെ സ്വാഭാവികജീവൻ പൂർണ്ണമായി കുഴിച്ചെടത്ത് തുറന്നുകാട്ടുമ്പോൾ ഇതൊരു ആശയറ്റ കാര്യമാണെന്നും, അതിൽ നിങ്ങൾ യാതൊരു ആശ്രയവും വയ്ക്കുവാൻ പാടില്ലെന്നും, നിങ്ങളുടെ ഉള്ളിലുള്ള പിതാവിന്റെ ജീവനിലേക്കും പ്രകൃതത്തിലേക്കും നിങ്ങൾ തിരിയണമെന്നും നിങ്ങൾ തിരിച്ചറിയും. പിതാവിന്റെ ജീവനിലേക്കു തിരിയുകയും, പിതാവിന്റെ ജീവനിൽ തങ്ങുകയും, പിതാവിന്റെ ജീവനാൽ ജീവിക്കുകയും ചെയ്യുക. ഈ നിമിഷംപോലും നിങ്ങളുടെ

ആത്മാവിൽ പിതാവിന്റെ ജീവൻ ഉള്ളതുകൊണ്ട് നിങ്ങൾക്ക് എളുപ്പത്തിൽ അതിലേക്ക് തിരിയുവാൻ കഴിയും. നിങ്ങളുടെ ആത്മാവിൻ പ്രകാരം നടക്കുക മാത്രം ചെയ്യുക; അപ്പോൾ ന്യായ പ്രമാണത്തിന്റെ നീതിപരമായ സകല ആവശ്യകതകളും നിങ്ങളിൽ നിവർത്തിക്കപ്പെടും.

## ആത്മാവിൻ പ്രകാരം നടക്കുന്നതിനാൽ ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകതകൾ നിറവേറ്റുന്നത്

ഈ ഘട്ടത്തിൽ റോമർ 8-ലെ ചില വാക്യങ്ങൾ നാം ചിന്തിക്കേണ്ടത് ആവശ്യമാണ്. റോമർ 8:3 പറയുന്നു, "ജഡത്താലുള്ള ബലഹീനതയിൽ, ന്യായപ്രമാണത്തിന് ചെയ്യുവാൻ കഴിയാത്തതിനെ, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും അയച്ച്, പാപത്തെ ജഡത്തിൽ ശിക്ഷവിധിച്ചു." നമ്മുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ന്യായപ്രമാണം നിവർത്തിക്കുവാൻ നമുക്ക് അസാധ്യമാണ്. നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ന്യായപ്രമാണത്തെ സംബന്ധിച്ചിടത്തോളം, നമുക്ക് പ്രതീക്ഷയ്ക്കു വകയില്ല. അതുകൊണ്ട്, "ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത" (വാ. 4) നിറവേറത്തക്കവണ്ണം പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം സംബന്ധിച്ചും ദൈവം തന്റെ പുത്രനെ അയച്ചുകൊണ്ട് ജഡത്തിൽ പാപത്തിന് ശിക്ഷവിധിച്ചു. ന്യായപ്രമാണം നിവർത്തിക്കുന്നതിന് നമ്മുടെ ജഡത്തിന്റെ ബലഹീനത നിമിത്തം അസാധ്യമായിരുന്നതു കൊണ്ട്, അനുലോമവശത്ത് ന്യായപ്രമാണം പാലിക്കുവാനും, പ്രതിലോമവശത്ത് നമ്മുടെ ബലഹീനതയ്ക്കുവേണ്ടി മരിക്കുവാനും ദൈവം തന്റെ പുത്രനെ അയച്ചു. അങ്ങനെ ചെയ്യുന്നതിലുള്ള അവന്റെ ഉദ്ദേശ്യം ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത നമ്മിൽ നിവർത്തിക്കപ്പെടണം എന്നതാണ്. വാക്യം 4-ലെ "നാം" എന്നത് ജഡപ്രകരമല്ല ആത്മാവിൻപ്രകാരം നടക്കുന്നവരെയാണ് പരാമർശിക്കുന്നത്. ന്യായപ്രമാണം പാലിക്കുവാനും ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത നിവർത്തിക്കുന്നതിന് നാം ആത്മാവിൽ നടക്കേണ്ടതിന് നമുക്കുവേണ്ടി മരിക്കുവാനും ദൈവം തന്റെ പുത്രനെ അയച്ചു.

## നമ്മുടെ ആത്മാവ് എങ്ങനെ ഉളവാകുന്നു

നമ്മുടെ ആത്മാവ് എങ്ങനെ ഉളവാകുന്നുവെന്ന് റോമർ 8:16 വെളിപ്പെടുത്തുന്നു: "നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ

സാക്ഷ്യപ്പെടുത്തുന്നു." ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത നിവർത്തിക്കുന്നതിന് നാം നടക്കുന്നതായ നമ്മുടെ ആത്മാവ് ഉളവാകുന്നത്, നമ്മുടെ ആത്മാവോടു കൂടെയുള്ള പരിശുദ്ധാത്മാവിന്റെ സാക്ഷ്യപ്പെടുത്തലിലൂടെയാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിലക്ക് വന്നിരിക്കുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. നമ്മുടെ വീണ്ടുംജനനത്തിന്റെ സമയത്ത് ഇതു സംഭവിച്ചു. നമ്മെ വീണ്ടുംജനിപ്പിക്കുവാൻ ദൈവത്തിന്റെ ആത്മാവ് നമ്മുടെ ആത്മാവിലേക്കു വന്നു. ആ സമയം മുതൽ, നാം ദൈവത്തിന്റെ മക്കളാണെന്ന് പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു. അങ്ങനെ, വാക്യം 14 പറയുന്നു, "എന്തെന്നാൽ ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരൊക്കെയും ദൈവത്തിന്റെ പുത്രന്മാരാകുന്നു."

## ദൈവത്തിന്റെ സൃഷ്ടികൾ മാത്രമല്ല, അവന്റെ വീണ്ടുംജനിച്ച മക്കളും ആകുന്നു

"ആകയാൽ നിങ്ങളുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നിങ്ങളും തികഞ്ഞവരാകുവിൻ" എന്നു പറഞ്ഞുകൊണ്ട് മത്തായി 5-ലെ തന്റെ വാക്ക് കർത്താവ് ഉപസംഹരിച്ചത് എന്തുകൊണ്ടാണെന്ന് നമ്മുടെ മുമ്പിലുള്ള ഈ വാക്യങ്ങളാൽ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. നാം ദൈവത്തിന്റെ സൃഷ്ടികൾ മാത്രമല്ല; നാം അവന്റെ ജീവനും പ്രകൃതവുമുള്ള അവന്റെ വീണ്ടുംജനിച്ച മക്കളും ആണ്. അങ്ങനെ, നാം അവനെ അനുകരിക്കുവാനും അവനെ പകർത്തുവാനും ശ്രമിക്കുന്ന ദൈവത്തിന്റെ സൃഷ്ടികളല്ല; പിതാവിന്റെ ജീവനെ ജീവിക്കുന്ന പിതാവിന്റെ മക്കളാണ്. നാം എങ്ങനെ ദൈവത്തിന്റെ മക്കളായിത്തീർന്നു? നമ്മെ വീണ്ടുംജനിപ്പിക്കുവാനും നമ്മുടെ ആത്മാവിനെ ദൈവത്തിന്റെതന്നെ നിവാസമാക്കുവാനും നമ്മുടെ ആത്മാവിലേക്കുള്ള ദൈവാത്മാവിന്റെ വരവിലൂടെയായിരുന്നു അത് (എഫെ. 2.22). ഇവിടെ, നമ്മുടെ ആത്മാവിൽ, നാം ദൈവത്തിന്റെ ജീവനും പ്രകൃതവുമുള്ള ദൈവത്തിന്റെ മക്കളായിത്തീർന്നു. ഈ വീണ്ടുംജനിച്ച ആത്മാവിൻപ്രകാരം നാം നടക്കുന്നുവെങ്കിൽ, നാം ദൈവത്തിന്റെ ജീവനാൽ ജീവിക്കുന്ന ദൈവത്തിന്റെ മക്കളാണ്. നാം ആത്മാവിൽ ജീവിക്കുകയും നടക്കുകയും ചെയ്യുമ്പോൾ, നമ്മുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ സ്വമേധയാ നാമും തികഞ്ഞവരായിരിക്കും.

ഒരു സഹോദരന് നാലു മക്കളുണ്ടെന്നു കരുതുക. ഈ കുഞ്ഞുങ്ങൾ എത്രയധികം വളരുന്നുവോ അത്രയുമധികം അവർ തങ്ങളുടെ അപ്പനെപ്പോലെ ജീവിക്കുന്നു. ഈ നാലു മക്കൾ ഒരു മനുഷ്യനെ അനുകരിക്കുവാൻ ശ്രമിക്കുന്ന

നാലു കുരങ്ങുകളല്ല. അവർ തങ്ങളുടെ അപ്പന്റെ സ്വരൂപത്തിലേക്കു വളരുന്ന അവരുടെ അപ്പന്റെ മക്കളാണ്. അവർ എത്രയധികം വളരുന്നുവോ, അത്രയുമധികം അവരുടെ അപ്പന്റെ ജീവനെ അവർ ജീവിക്കുന്നു. ഇതുപോലെ, നാം കുരങ്ങുകളല്ല—നാം ദൈവത്തിന്റെ മക്കളാണ്. നമ്മിൽ ചിലർ പ്രായേണ കുഞ്ഞുങ്ങളെപ്പോലെയോ കുട്ടികളെപ്പോലെയോ ആയിരിക്കാമെങ്കിലും, നാം അപ്പോഴും വളർന്നുകൊണ്ടിരിക്കുന്നു. ഈ കുഞ്ഞുങ്ങൾ വികൃതികളായിരിക്കാം, എന്നാലും അവർ വളർന്നുകൊണ്ടിരിക്കുന്നു. ചില വർഷങ്ങൾ കാത്തിരിക്കൂ, അവരുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ ഈ വികൃതികളായ കുഞ്ഞുങ്ങൾ തികഞ്ഞവരായിരിക്കുന്നത് നിങ്ങൾ കാണും. സഭകളിലുള്ള വിശുദ്ധന്മാരെല്ലാം കുരങ്ങുകളല്ല, പ്രിയ മക്കളായതിനാൽ ഞാൻ വളരെ സന്തോഷവാനാണ്. അല്പസമയത്തേക്ക് അവർ വികൃതികളായിരുന്നോട്ടെ. ഒടുവിൽ അവർ വളരും. നാം ദൈവത്തെ അനുകരിക്കുവാൻ ശ്രമിക്കുന്നവരല്ല. മറിച്ച് നാം പിതാവിന്റെ ജീവനിൽ വളർന്നുകൊണ്ടിരിക്കുന്ന പിതാവിന്റെ മക്കളാണ്. ഇക്കാരണത്താലാണ് നമ്മുടെ സ്വർഗീയ പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നാമും തികഞ്ഞവരായിരിക്കണമെന്ന് കർത്താവായ യേശു പറഞ്ഞത്.

നമ്മെ ദൈവത്തിന്റെ മക്കളായോ ദൈവത്തിന്റെ പുത്രന്മാരായോ മത്തായി 5-ൽ കർത്താവ് പരാമർശിക്കുന്നത് എന്തുകൊണ്ടാണെന്ന് നമുക്കിപ്പോൾ മനസ്സിലാക്കുവാൻ കഴിയും. അവൻ അവിശ്വാസികളോട്, ദൈവത്തിന്റെ വെറും സൃഷ്ടികളോട് സംസാരിക്കുകയായിരുന്നില്ല; അവൻ ദൈവത്തിന്റെ പുത്രന്മാരോട് സംസാരിക്കുകയായിരുന്നു. ദൈവം ഇനിമേൽ നമ്മുടെ സ്രഷ്ടാവു മാത്രമല്ല; അവൻ നമ്മുടെ സ്വർഗീയ പിതാവും ആണ്. അവൻ നമ്മുടെ പിതാവായതുകൊണ്ട് നമുക്ക് അവന്റെ ജീവനും പ്രകൃതവുമുണ്ട്. ആത്യന്തികമായി, ജീവനിലുള്ള നമ്മുടെ വളർച്ചയിലൂടെ അവൻ ആയിരിക്കുന്നതുപോലെ നാമും ആയിരിക്കും. കുറച്ചുകൂടി കാത്തിരിക്കുക, പിതാവ് തികഞ്ഞവനായിരിക്കുന്നതുപോലെ നമ്മിൽ അനേകർ തികഞ്ഞവരായിത്തീർന്നിട്ടുണ്ടായിരിക്കും എന്നു നിങ്ങൾ കാണും.

## ദൈവത്തിന് സമയ മൂലകമില്ല

മലമേലുണ്ടായിരുന്ന ശിഷ്യന്മാർക്ക് എങ്ങനെ വീണ്ടുംജനിച്ചവരാകുവാൻ കഴിയുമായിരുന്നെന്ന് ചിലർ അത്ഭുതപ്പെടുന്നുണ്ടാകാം. ജീവൻ-നൽകുന്ന ആത്മാവ് അവരിലേക്ക് പ്രവേശിച്ചിട്ടില്ലാത്തതിനാൽ ആ ശിഷ്യന്മാർ വീണ്ടുംജനിച്ചവരായിരുന്നുവെന്ന് നമുക്കെങ്ങനെ പറയുവാൻ കഴിയും? ദൈവത്തിന് സമയ മൂലകമില്ലെന്ന് ഓർക്കുക. പകരം, ഇവിടെ

തത്ത്വമുണ്ട്. രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം അവർക്കു നൽകിക്കൊണ്ട് മലയിൽവച്ച് കർത്താവായ യേശു ശിഷ്യന്മാരോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ സമയ മൂലകമനുസരിച്ചല്ല, തത്ത്വമനുസരിച്ചാണ് അവൻ സംസാരിച്ചത്. ദൈവത്തിന് യാതൊരു സമയ മൂലകവുമില്ല; അവൻ ഒരിക്കലായി കാര്യങ്ങൾ ചെയ്യുന്നു. നമ്മുടെ മനസ്സിൽ മുമ്പും പിമ്പും പോലെയുള്ള കാര്യമുണ്ട്, എന്നാൽ അത് ദൈവത്തിന്റെ മനസ്സിൽ ഇല്ല. അതെ, ഒരു ദിവസം ക്രിസ്തു ക്രൂശിൽ വീണ്ടെടുപ്പിൻ വേല നിവർത്തിക്കുകയും, ഒരു ദിവസം ജീവൻ-നൽകുന്ന ആത്മാവ് ഉളവാകുകയും ചെയ്തു. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ ഈ കാര്യങ്ങൾ എപ്പോൾ സംഭവിച്ചുവെന്ന് നിർണ്ണയിക്കുവാൻ പ്രയാസമാണ്; കാരണം ദൈവത്തിന്റെ വ്യവസ്ഥയിൽ അവ നിത്യമാണ്. ക്രൂശും ജീവൻ-നൽകുന്ന ആത്മാവും നിത്യമാണ്. മലമേലുണ്ടായിരുന്ന ആ ശിഷ്യന്മാർ കർത്താവായ യേശുവിൽ വിശ്വസിക്കുകയും അവനെ അനുഗമിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നതുകൊണ്ട്, തത്ത്വത്തിൽ അവർ വീണ്ടുംജനിച്ചവരായിരിക്കുകയും ദൈവം അവരെ വീണ്ടുംജനിച്ച ജനമായി കരുതുകയും ചെയ്തിരുന്നു.